# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.395

## 08-08-2017 ൽ മറുപടിക്ക്

## കിഫ്ബി മുഖേന നൽകുന്ന ഭരണാനുമതി

| ചോദ്യം<br>ശ്രീ. യു. ആർ. പ്രദീപ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മുഖേന നാളിതുവരെ സംസ്ഥാനത്ത് എത്ര കോടി രൂപയുള്ള പ്രവർത്തികളുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് ;<br><br>(ബി) ഭരണാനുമതി നൽകുന്നതിനായി എത്ര കോടി രൂപയുടെ പ്രോജക്ടുകൾ കിഫ്ബി മുമ്പാകെയുണ്ട്; | കിഫ്ബി പദ്ധതികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. ഓരോ പദ്ധതിക്കും ഭരണാനുമതി ഉൾപ്പെടെയുള്ള രേഖകൾ കിഫ്ബി വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്ന ചുമതലയും ബന്ധപ്പെട്ട ഭരണവകുപ്പാണ് നിർവ്വഹിക്കുന്നത്. ഈ വിധം സമർപ്പിക്കപ്പെട്ടവയിൽ നാളിതുവരെ 5722.41 കോടി രൂപയുള്ള പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. 6925.97 കോടി രൂപയുടെ പ്രവൃത്തികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായ അംഗീകാരവും നൽകിയിട്ടുണ്ട്. ഇതിനു പുറമേ 8319.42 കോടി രൂപയുടെ പ്രോജക്ടുകൾ ബോർഡിന്റെ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ അപ്രൈസൽ നടപടികൾ പൂർത്തിയാക്കി ബോർഡിന്റെ പരിഗണനയ്ക്ക് നൽകുന്നതാണ്. |
| (സി) കിഫ്ബിയുടെ പ്രവർത്തനം കൂടുതൽ വിപുലമാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | കിഫ്ബിയുടെ വിപുലീകരണത്തിന്റെ ഭാഗമായി ധനകാര്യവും ഭരണനിർവഹണവും വിഭാഗം പദ്ധതി അവലോകന വിഭാഗം, ഇൻസ്പെക്ഷൻ വിഭാഗം എന്നീ മൂന്നു വിഭാഗങ്ങൾ പുതുതായി രൂപവൽകരിച്ചിട്ടുണ്ട്. ഇതിനു പുറമെ ധനകാര്യവും ഭരണനിർവഹണവും വിഭാഗത്തിൽ സെബി/അർ.ബി.ഐ എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതിന് ഇൻസ്റ്റിട്യൂഷണൽ ഫിനാൻസ് ഗ്രൂപ്പ് വിഭാഗവും രൂപവത്കരിച്ചിട്ടുണ്ട്. കൂടാതെ മേൽപ്രസ്താവിച്ച വിഭാഗങ്ങളിലേക്ക് ആവശ്യമായ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പിലാക്കാനാവശ്യമായ ഓൺലൈൻ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ